LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

എൻ.ജി.ഒ. - 3

ലാസ്റ്റ് ഗ്രേഡ് - 1

ഭാരതീയ ചികിത്സാ വകുപ്പ്

ലോവർ ഡിവിഷൻ ക്ലാർക്ക് - 25

പ്യൂൺ - 5

ഹോമിയോപ്പതി വകുപ്പ് ആന്റ് ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസവകുപ്പ്

വിവരം ശേഖരിച്ചുവരുന്നു.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

19-7-2001 മുതൽ

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

15-1-2005 മുതൽ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

2003 മുതൽ

ഭാരതീയ ചികിത്സാ വകുപ്പ്

2001 മുതൽ

ഹോമിയോപ്പതി വകുപ്പ് & ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിൽ നിലവിൽ 50% ഒഴിവുകൾ ആശ്രിത നിയമനം വഴിയും ബാക്കി 50% പി.എസ്.സി.-യ്ക്ക് റിപ്പോർട്ടു ചെയ്യുവാനും ഉള്ള നിർദ്ദേശമാണുള്ളത്.

സർക്കാർ/സ്വകാര്യ/സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകൾ

117(1397) ശ്രീ. കെ. പി. രാജേന്ദ്രൻ:

ശ്രീ. എം. കുമാരൻ:

ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സ്വകാര്യ മേഖലയിലും സർക്കാർ ഉടമസ്ഥതയിലും സ്വാശ്രയ മേഖലയിലുമായി എത്ര നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോളേജുകളിലായി ഡിഗ്രി കോഴ്സുകളിലും ജനറൽ നഴ്സിംഗ് കോഴ്സിലുമായി എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജോലി സാദ്ധ്യത കണക്കിലെടുത്ത് ഈ മേഖലയിലുള്ള സൗകര്യങ്ങളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ-സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ (പി.എച്ച്.സി. മുതൽ എല്ലാ തലത്തിലുമുള്ള ആശുപത്രികളിൽ) പരിശീലനത്തിന് (പ്രായോഗിക ട്രെയിനിംഗ്) അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഇതിനായി എത്ര രൂപയാണ് വാർഷിക ഫീസായി സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകൾ സർക്കാർ ആശുപത്രിയിൽ അടയ്ക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നേരത്തെയുള്ള ഫീസിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയായി കുറച്ചു;

(ജി) ഉയർന്ന ഫീസും മറ്റും വാങ്ങി നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഫീസ് കുറവ് ചെയ്യുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ബി.എസ്.സി. നഴ്സിംഗിന് സ്വകാര്യ മേഖലയിൽ അൻപത്തി ഒന്നും (51) സർക്കാർ ഉടമസ്ഥതയിൽ മൂന്നും (3) യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ ഏഴും (7) നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് സ്വകാര്യ മേഖലിയിൽ നാല് (4), യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ രണ്ട് (2) കോളേജുകൾ നടത്തുന്നു, എം.എസ്.സി. നഴ്സിംഗ് കോഴ്സ് സർക്കാർ ഉടമസ്ഥതയിലുള്ള 3 കോളേജുകളിലും നടത്തുന്നുണ്ട്.

(ബി) ബി.എസ്.സി. നഴ്സിംഗ് കോഴ്സിനും പോസ്റ്റ്ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിനും ജനറൽ നഴ്സിംഗിനും പരമാവധി 50 വിദ്യാർത്ഥികൾക്കു വീതം പ്രവേശനം ലഭിക്കുന്നതാണ്. എം.എസ്.സി. നഴ്സിംഗിന് പരമാവധി 30 പേർക്ക് പ്രവേശനം ലഭിക്കുന്നതാണ്.

(സി) ഇന്ത്യയിലും വിദേശത്തും നഴ്സിംഗ് മേഖലയിൽ നിലവിലുള്ള തൊഴിൽ സാദ്ധ്യത കണക്കിലെടുത്താണ് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾ 1000 രൂപാ വീതവും, ജനറൽ നഴ്സിംഗ് വിദ്യാർത്ഥികൾ 500 രൂപ വീതവും വാർഷിക ഫീസായി സർക്കാർ ആശുപത്രികളിൽ അടയ്ക്കേണ്ടതുണ്ട്.

(എഫ്) നേരത്തെ ഇത്തരം ട്രെയിനിംഗിന് നിശ്ചയിച്ചിരുന്നത് 250 രൂപയാണ്. ഈ തുക പിന്നീട് ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിക്ക് 2000 രൂപയായും ജനറൽ നഴ്സിംഗ് വിദ്യാർത്ഥിക്ക് 1000 രൂപയായും വർദ്ധിപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിച്ച് മേൽപ്രകാരം ഉയർത്തിയ നിരക്ക് യഥാക്രമം 1000 രൂപയായും 500 രൂപയായും നിജപ്പെടുത്തുകയാണ് ഉണ്ടായത്.

(ജി) ക്ലിനിക്കൽ പരിശീലനത്തിന് വിദ്യാർത്ഥികളാണ് ഫീസ് അടയ്ക്കേണ്ടത്. വർദ്ധിച്ച ഫീസ് കുറവു ചെയ്യണമെന്ന വിദ്യാർത്ഥികളുടേയും കോളേജ് മാനേജ്മെന്റുകളുടേയും അപേക്ഷ പരിശോധിച്ചാണ് സർക്കാർ ഇതിനുള്ള ഫീസ് 1000 രൂപയായും 500 രൂപയായും നിശ്ചയിച്ചത്.

മെഡിക്കൽ റിക്കോർഡ് ലൈബ്രറി

118(1398) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ പ്രവർത്തിക്കുന്നത്;

(ബി) സംസ്ഥാനത്ത് എല്ലാ താലൂക്ക് ആശുപത്രികളിലും, നൂറിൽ കൂടുതൽ കിടക്കകളുള്ള ആശുപത്രികളിലും മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ ആശുപത്രികളിൽ പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ആശുപത്രികളിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് മെഡിക്കൽ റിക്കോർഡ് ലൈബ്രറികളിൽ ലൈബ്രേറിയൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര തസ്തികകളാണെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ജി) സംസ്ഥാനത്തെ മെഡിക്കൽ റിക്കോർഡ് ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയും ഇവയെ ഏകോപിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ആസ്ഥാനത്ത് മെഡിക്കൽ റിക്കോർഡ് സെൽ രൂപീകരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly